LIBRARY ARCHIVES Kerala Legislative Assembly

പ്രവാസികളുടെ പുനരധിവാസം

55 (5402) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ നിന്നും നിതാഖത് മൂലം തൊഴിൽ നഷ്ടമായി നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസ പാക്കേജിൽ നിന്നും സർക്കാർ പിൻവാങ്ങുന്നു എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ :

(ബി) സബ്സിഡിയോടെയുള്ള സ്വയംതൊഴിൽ വായ്പയ്ക്കായി എത്ര ആളുകൾ അപേക്ഷിച്ചിരുന്നു എന്ന കണക്ക് ലഭ്യമാണോ; അപേക്ഷിച്ച 90% പേർക്കും വായ്പാ ധനസഹായം ലഭ്യമാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതി പരിഹരിക്കുന്നതിനായി വായ്പാമേള ഉൾപ്പെടെ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സബ്സിഡിയോടെയുള്ള സ്വയം തൊഴിൽ വായ്പയ്ക്കായി അപേക്ഷിച്ച 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7218 അപേക്ഷകരിൽ 6758 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കാൻ ബാങ്കിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി സഹകരിക്കുന്ന കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ കൂടുതൽ ബാങ്കുകളെ കൂടി പദ്ധതിയുമായി സഹകരിപ്പിക്കുന്നതിനായി ചർച്ചകൾ നടത്തി വരുന്നു.

യുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പദ്ധതി

56 (5403) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക റൂട്ട്സ് യുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?